(ഇ) എങ്കിൽ എത്ര വ്യാജപട്ടയങ്ങൾ നൽകിയിട്ടുള്ളതായാണ് കണ്ടെത്തിയത്;

(എഫ്) ഇതിന്റെ പേരിൽ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) ഇതുസംബന്ധിച്ച അന്വേഷണം നടത്താൻ 17-11-2003-ലെ ജി.ഒ. (ആർടി) 3611/03/ആർഡി ഉത്തരവ് പ്രകാരം ലാന്റ് ബോർഡ് സെക്രട്ടറി ചെയർമാനായി ഒരു കമ്മിറ്റിയെ നിയമിക്കുകയും സമഗ്രമായ അന്വേഷണം നടത്തിവരികയുമാണ്. റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) അന്വേഷണ റിപ്പോർട്ട് ലഭിച്ചശേഷമേ കൃത്യമായ വിവരം നൽകുവാൻ കഴിയുകയുള്ളൂ.

(എഫ്) മേല്പറഞ്ഞ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലാത്തതിനാൽ ഇതിന്റെ പേരിൽ ആർക്കുമെതിരെ നടപടി സ്വീകരിച്ചിട്ടില്ല.

പട്ടയം ലഭ്യമാക്കുവാൻ നടപടി

68 (249) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ കണ്ണൂർ താലൂക്കിലും തളിപ്പറമ്പ് താലൂക്കിലും ഉൾപ്പെടുന്ന വിവിധ വില്ലേജുകളിൽപ്പെടുന്ന മിച്ചഭൂമി പതിച്ച് കിട്ടിയവരും വർഷങ്ങളായി കൈവശം വച്ചനുഭവിക്കുന്നവരുമായ ദരിദ്ര കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കുവാൻ കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ ;

(ബി) ഇവരിൽ കൈവശാവകാശ രേഖയും പട്ടയവും ഇല്ലാത്ത എത്ര പേർക്ക് പട്ടയം നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഓരോ വില്ലേജിലേയും ഗുണഭോക്താക്കളെ സംബന്ധിച്ച വിശദമായ ലിസ്റ്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ കണ്ണൂർ താലൂക്കിലും തളിപ്പറമ്പ് താലൂക്കിലും ഉൾപ്പെടുന്ന വിവിധ വില്ലേജുകളിൽപ്പെടുന്ന മിച്ചഭൂമി പതിച്ചു നൽകുന്നതിന് അർഹരായ ഭൂരഹിത കർഷക തൊഴിലാളികൾക്ക് സർവ്വേയർമാരുടെ സേവനം ഉപയോഗപ്പെടുത്തി സമയബന്ധിതമായി ഭൂമി അളന്നു കാണിച്ചു കൊടുത്ത് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly